**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5419** **03-11-2021 - ൽ മറുപടിയ്ക്ക്**

**ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പോലീസുകാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള പോലീസുകാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; | (എ) | നിലവിൽ 744 പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ പ്രതികളായി ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞവരിൽ എത്ര പേർക്കെതിരെയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്; ഇതിൽ സർവ്വീസിൽ നിന്ന് പുറത്താക്കിയവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള 744 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടി ചട്ടം പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 18 പേരെ സർവ്വീസിൽ നിന്ന് പുറത്താക്കിയിട്ടുണ്ട്. |
| (സി) | നടപടി സ്വീകരിച്ചിട്ടുള്ളവയിൽ വകുപ്പുതലത്തിലും ക്രിമിനൽ നടപടിക്രമം പ്രകാരവും സ്വീകരിച്ചിട്ടുള്ള നടപടികൾ എത്ര വീതമാണ്; വിശദാംശങ്ങൾ നൽകുമോ? | (സി) | നിലവിലുള്ള ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള 691 പേർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള 744 പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് ക്രിമിനൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ